**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2609** **04-03-2025 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിങ്ങിനായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ആറ്റിങ്ങൽ മണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിങ്ങിനായി നിലവിൽ വൈദ്യുതി വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ വിശദമാക്കുമോ; | (എ) | **കെ. എസ്. ഇ. ബി.എൽ**<br><br>ആറ്റിങ്ങൽ മണ്ഡലത്തിൽ കെ എസ് ഇ ബി എൽ 6 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>**അനെർട്ട്**<br><br>ആറ്റിങ്ങൽ മണ്ഡലത്തിൽ ഇലക്ട്രിക്ക് കാറുകളുടെ ചാർജിംഗിനായി ഇടക്കോട് കോ-ഓപ്പറേറ്റീവ് ബാങ്ക്, പതിനെട്ടാം മൈലിൽ അനെർട്ടിന്റെ സാമ്പത്തികസഹായത്തോടുകൂടി 60 kW ചാർജിംഗ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നു. സ്വകാര്യ സംരംഭകർ സ്ഥാപിക്കുന്ന ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾക്ക് സബ്സിഡി നൽകുന്ന പദ്ധതി പ്രകാരം സ്ഥാപിച്ചതാണ് മേൽ സൂചിപ്പിച്ച ചാർജിംഗ് സ്റ്റേഷൻ. |
| (ബി) | കൂടുതൽ ചാർജ്ജിങ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (ബി) | **കെ. എസ്. ഇ. ബി. എൽ**<br><br>നിലവിൽ കെ.എസ്.ഇ.ബി.എൽ.-ന് പദ്ധതികളൊന്നുമില്ല. സ്വകാര്യ പങ്കാളിത്തത്തോടെ ചാർജിംഗ് സ്റ്റേഷനുകൾ പരിഷ്കരിക്കുന്നതിനും പുതിയ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുമുള്ള സാധ്യത പരിശോധിച്ച് വരുന്നതായി കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.<br><br>**അനെർട്ട്**<br><br>ആറ്റിങ്ങൽ മണ്ഡലത്തിൽ DC ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലം ഇതുവരെ ലീസിനു ലഭ്യമായിട്ടില്ല. ദേശീയപാത/സംസ്ഥാന പാതയോടു ചേർന്ന് 800 sq.ft മുതൽ 1000 sq.ft വരെ സ്ഥലം Cafeteria, Washroom സൗകര്യത്തോടെ 10 വർഷത്തെ ലീസിനു ലഭ്യമാക്കിയാൽ ഇലക്ട്രിക്ക് വാഹനങ്ങൾക്കായുള്ള ചാർജിംഗ് ഹബ്ബുകൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കാവുന്നതാണ്. ഇലക്ട്രിക്ക് 4 വീലറുകൾ ചാർജ് ചെയ്യുന്നതിന് 60kW ശേഷിയുള്ള 2 gun ഉള്ള മെഷീനും ഇലക്ട്രിക്ക് 2 വീലർ/3 വീലറുകൾക്ക് ഫാസ്റ്റ് ചാർജ് ചെയ്യുന്നതിനായി 12kW ശേഷിയുള്ള LECCS മെഷീനും 12kW ശേഷിയുള്ള LEVDC മെഷീനും സ്ഥാപിക്കാവുന്നതാണെന്ന് അനെർട്ട് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ